# ശബരിമലയിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കുന്ന കാര്യത്തിൽ എൻ.എസ്.എസ്സിന്റെ നിലപാട്

ശബരിമലക്ഷേത്രത്തിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകളെ പ്രവേശിപ്പിക്കുന്നതിനും അതിന് നിലവിലുള്ള ആചാരങ്ങളിൽ മാറ്റം വരുത്തുന്നതിനും വേണ്ടി ഇന്ത്യൻ യംഗ് ലോയേഴ്സ് അസോസിയേഷൻ മുതൽപേർ വാദിയായി സുപ്രീംകോടതിയിൽ 28.7.2006-ൽ ആണ് കേസ് ഫയൽ ചെയ്തത്.

ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ അന്നത്തെ സംസ്ഥാനഗവൺമെന്റും തിരുവിതാംകൂർ ദേവസ്വം ബോർഡും വേണ്ടത്ര ശ്രദ്ധപതിപ്പിക്കാതെവന്ന സാഹചര്യത്തിലാണ്, നൂറ്റാണ്ടുകളായി ശബരിമലക്ഷേത്രത്തിൽ നിലനിന്നുവരുന്ന കീഴ്‌വഴക്കങ്ങൾ കോടതിയെ ബോധിപ്പിക്കുന്നതിനു വേണ്ടി പ്രസ്തുത കേസിൽ നായർ സർവീസ് സൊസൈറ്റി 2008-ൽ കക്ഷിചേർന്നത്. എൻ.എസ്.എസ്സിന്റെ വാദമുഖങ്ങൾ കേൾക്കേണ്ടതുണ്ട് എന്ന് കോടതിക്ക് ബോദ്ധ്യം വന്നതിനാലാണ് വിശദമായ വാദം കേൾക്കുന്നതിലേക്ക് 2016-ൽ മൂന്നംഗബഞ്ചിന് കേസ് വിടുകയുണ്ടായത്. പ്രസ്തുത കേസിൽ ഭരണഘടനാപരമായ തർക്കങ്ങൾ ഉണ്ടെന്ന് കോടതിക്ക് ബോദ്ധ്യം വന്നതിനാൽ 2017 ഒക്ടോബറിൽ അഞ്ചംഗ ഭരണഘടനാബഞ്ചിന് വിടാൻ തീരുമാനമുണ്ടായി. ഭരണഘടനാബഞ്ചിലെ ഏക വനിതാഅംഗത്തിന്റെ വിയോജനക്കുറിപ്പോടുകൂടി, ഏതു പ്രായത്തിലുമുള്ള സ്ത്രീകൾക്കും ശബരിമലയിൽ പ്രവേശനം അനുവദിക്കണമെന്ന് 28.9.2018-ൽ വിധി ഉണ്ടായി. ഈ വിധിയോട് പ്രതികരിക്കാനില്ലെന്നും ഇനി എന്തു വേണമെന്ന് വിശ്വാസികൾ തീരുമാനിക്കട്ടെ എന്നുമുള്ള നിലപാടാണ് എൻ.എസ്.എസ്. സ്വീകരിച്ചത്.

സംസ്ഥാനസർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും ശബരിമലയിലെ സ്ത്രീപ്രവേശനം സംബന്ധിച്ച വിഷയം അവധാനതയോടുകൂടി പരിഹരിക്കാൻ ശ്രമിക്കും എന്നാണ്, മതേതരസങ്കല്പങ്ങളും ഈശ്വരവിശ്വാസവും രാജ്യത്ത് നിലനില്ക്കണമെന്ന് ആഗ്രഹിക്കുന്ന സംഘടന എന്ന നിലയിൽ നായർ സർവീസ് സൊസൈറ്റി പ്രതീക്ഷിച്ചത്. അതിനു വിപരീതമായ നിലപാട് അവരുടെ ഭാഗത്തുനിന്നും ഉണ്ടായപ്പോഴാണ് ശബരിമലയിലെ സ്ത്രീപ്രവേശനം സംബന്ധിച്ച കോടതിവിധിയിന്മേൽ 8.10.2018-ൽ നായർ സർവീസ് സൊസൈറ്റിക്കുവേണ്ടി മുൻ അറ്റോർണി ജനറലും സീനിയർ അഭിഭാഷകനുമായ കെ. പരാശരൻ മുഖേന റിവ്യൂ ഹർജി ഫയൽ ചെയ്തത്.

ശബരിമലയിലെ സ്ത്രീപ്രവേശനം സംബന്ധിച്ച വിധി വന്നപ്പോൾ ബന്ധപ്പെട്ടവരുമായി ആലോചിക്കാതെയും വിശ്വാസസമൂഹത്തിന്റെ വികാരം കണക്കിലെടുക്കാതെയും സംസ്ഥാനസർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും വിധി നടപ്പാക്കാൻ തിടുക്കത്തിൽ നടപടികൾ സ്വീകരിച്ചപ്പോൾ വിശ്വാസികളുടെ വികാരം ഉണരാൻ ഇടയായി. വിശ്വാസം സംരക്ഷിക്കാൻ അവരോടൊപ്പം എൻ.എസ്.എസ്സും പ്രവർത്തകരും ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2 മുതൽ രംഗത്തിറങ്ങി. ഈശ്വരവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കുന്നതിലേക്ക് ജാതി-മത-രാഷ്ട്രീയഭേദമെന്യെ പതിനായിരക്കണക്കിന് വിശ്വാസികളോടൊപ്പം പങ്കുചേർന്ന് നാമജപഘോഷയാത്ര ആദ്യഘട്ടമായി താലൂക്കുതലത്തിൽ നടത്തുകയുണ്ടായി. ശബരിമലയിൽ പ്രവേശനസ്വാതന്ത്ര്യമല്ല, ആചാരാനുഷ്ഠാനങ്ങളാണ് ഞങ്ങൾക്ക് വലുത് എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ലക്ഷക്കണക്കിന് സ്ത്രീകൾ ഈ നാമജപഘോഷയാത്രയിൽ പങ്കെടുത്തത് കേരളം നാളിതുവരെ കണ്ടിട്ടില്ലാത്തതരത്തിലുള്ള സമാധാനപരമായ പ്രതിഷേധത്തിന് ഇടയാക്കി.

നായർ സർവീസ് സൊസൈറ്റിയുടെ പതാകാദിനമായ ഒക്ടോബർ 31-ന് സംസ്ഥാനത്തുടനീളമുള്ള കരയോഗമന്ദിരങ്ങളിൽ പതാക ഉയർത്തിയതിനു ശേഷം, ശ്രീഅയ്യപ്പന്റെ ചിത്രത്തിനു മുമ്പിൽ നിലവിളക്ക് കൊളുത്തി, ഒരു മണിക്കൂർനേരം വിശ്വാസസംരക്ഷണനാമജപം നടത്തിയതാണ് പ്രതിഷേധത്തിന്റെ രണ്ടാംഘട്ടം.

മൂന്നാംഘട്ടം എന്ന നിലയിൽ, ശബരിമലയിലെ സ്ത്രീപ്രവേശനം സംബന്ധിച്ച റിവ്യൂഹർജി പരിഗണിക്കുന്ന ദിവസമായ നവംബർ 13-ന് രാവിലെ, ശബരിമലയിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കണമെന്ന പ്രാർത്ഥനയുമായി തൊട്ടടുത്തുള്ള ക്ഷേത്രങ്ങളിൽ വഴിപാടുകളും വീടുകളിൽ അയ്യപ്പനാമജപവും നടത്തി.

റിവ്യൂ ഹർജികളിന്മേൽ 2019 ജനുവരി 22-ന് തുറന്ന കോടതിയിൽ വാദംകേൾക്കാനാണ് ഭരണഘടനാബഞ്ച് തീരുമാനിച്ചത്. എന്നാൽ സ്റ്റേ അനുവദിച്ചതുമില്ല. ഈ സാഹചര്യത്തിലെങ്കിലും, നാടിന്റെ സമാധാനത്തെ കരുതിയും ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾക്ക് കോട്ടം തട്ടാതെയും, വിവേകപൂർവവും വിശ്വാസികൾക്ക് അനുകൂലവും ആയ ഒരു സമീപനം സംസ്ഥാനസർക്കാരിന്റെയും തിരുവിതാംകൂർ ദേവസ്വംബോർഡിന്റെയും ഭാഗത്തുനിന്ന് ഉണ്ടാകുമെന്നാണ് കരുതിയത്.

തുടർന്ന് 15-ാം തീയതി സർക്കാർ വിളിച്ചുകൂട്ടിയ സർവകക്ഷിയോഗത്തിലും ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ ഒരു സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഈശ്വരവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കുന്ന കാര്യത്തിൽ നിയമപരവും സമാധാനപരവും ആയ മാർഗ്ഗങ്ങളിലൂടെ തുടർന്നും വിശ്വാസികളോടൊപ്പം നില്ക്കാൻ തന്നെയാണ് എൻ.എസ്.എസ്. തീരുമാനിച്ചിരിക്കുന്നത്. അതിന്റെ പിന്നിൽ രാഷ്ട്രീയലക്ഷ്യങ്ങളൊന്നുംതന്നെയില്ല.